സ്ഥാപനങ്ങളിൽ നൽകിവരുന്ന ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തെ ഇതര സ്വാശ്രയ സ്ഥാപനങ്ങളിലെ പട്ടിക ജാതി/പട്ടികവർഗ്ഗ മറ്റ് അർഹതപ്പെട്ട വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ ഐ.എച്ച്.ആർ.ഡി.ഇ., എൽ.ബി.എസ്. എന്നീ സ്വാശ്രയ സ്ഥാപനങ്ങളിൽ പഠനം നടത്തുന്ന പട്ടികജാതി-പട്ടികവർഗ്ഗ മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്കും ഉയർന്ന നിരക്കിലുള്ള ഫീസാനുകൂല്യവും അർഹമായ എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും നൽകുന്നു.

(സി) കണക്കുകൾ ലഭ്യമായിട്ടില്ല. ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ഉണ്ട്. കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികളുടെ കീഴിലുള്ള സെൽഫ് ഫൈനാൻസിംഗ് കോളേജുകളിലും പ്രവേശനം ലഭിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ മറ്റർഹവിഭാഗം വിദ്യാർത്ഥികൾക്ക് ഉയർന്ന നിലയിലുള്ള ഫീസാനുകൂല്യവും അർഹമായ എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും അനുവദിച്ചിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

വൻകിട ജലസേചനപദ്ധതികളുടെ നടത്തിപ്പ്

19 (*638) ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ആർ. ബാലകൃഷ്ണപിള്ള :

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൻകിട ജലസേചനപദ്ധതികളുടെ നടത്തിപ്പിൽ 'കോൺട്രാക്ടേഴ്സ് ഓൺ സിസ്റ്റം' എന്ന ഒരു രീതി 1994-ൽ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇത് സംബന്ധമായി 17.04.1995-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ഉത്തരവ് പിന്നീട് താല്ക്കാലികമായി നിറുത്തി വച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; ഈ ഉത്തരവ് പിന്നീട് പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ടോ;

(ഡി) ഈ ഉത്തരവനുസരിച്ച് ടെൻഡർ ചെയ്ത പണികൾ ഡിപ്പാർട്ടുമെന്റിന്റെ അഭിപ്രായത്തിൽ ഗുണകരമായിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കരാറുകാർത്തന്നെ കമ്പിയും സിമന്റും ഉപയോഗിച്ച പണികൾ നടത്തുന്നരീതി പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ളത് ജലസേചനവ കുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമ കൃഷ്ണപിള്ള :

(എ) മൂവാറ്റുപുഴവാലി ജലസേചനപദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് 09.08.94-ൽ മന്ത്രിതലത്തിൽ പ്രവർത്തന പുരോഗതി സംബന്ധിച്ച് അവലോകനയോഗം നടത്തുകയും അന്നത്തെ തീരുമാനമനുസരിച്ച് ഏതാനും പണികൾ 'കോൺട്രാക്ടേഴ്സ് ഓൺ മെറ്റീരിയൽ സിസ്റ്റം' എന്ന രീതിയിൽ അറേഞ്ച് ചെയ്യുകയുണ്ടായി.

(ബി) ഇത് സംബന്ധിച്ച് 17.04.1995-ൽ ജി.ഒ.(ആർ.ടി.)409/95/ഐ. ആർ.ഡി. നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പണികൾക്ക് ഡിപ്പാർട്ടു മെന്റ് കമ്പിയും സിമന്റും കൊടുക്കുന്നതിന് പകരം കരാറുകാർ തന്നെ അതു കൊണ്ടുവന്ന് ചെയ്യണം എന്ന രീതിയിൽ പണികൾ അറേഞ്ച് ചെയ്യുവാൻ മൂവാറ്റുപുഴവാലി ജലസേചനപദ്ധതിക്ക് വേണ്ടി മാത്രം പുറപ്പെടുവിച്ച ഉത്തര വാണത്.

(സി) മേൽ വിവരിച്ച ഉത്തരവ് ജി.ഒ(ആർ.ടി)607/95/ഐ.ആർ.ഡി. നമ്പരായുള്ള 03.06.95-ലെ ഉത്തരവുവഴി താല്ക്കാലികമായി നിറുത്തിവച്ചിട്ടു ണ്ട്. മേൽപ്പറഞ്ഞ രീതിയിൽ ഉൾപ്പെടെ വർക്കുകൾ അനുവദിച്ചു കൊടുക്കുന്ന ടെൻഡർ എക്സെസിന് പണികൾ ഏറ്റെടുത്ത് നടത്തുവാൻ കരാറുകാർ വിസ മ്മതിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതുകൊണ്ടാണ് പുതിയ ഉത്തരവിറക്കിയത്. മുൻ ഉത്തരവു പിന്നീട് പ്രാവർത്തികമാക്കിയിട്ടില്ല.

(ഡി) കരാറുകാർ തന്നെ കമ്പിയും സിമന്റും കൊണ്ടു വന്ന് ചെയ്യണ മെന്ന രീതിയിൽ അറേഞ്ച് ചെയ്ത പണികളെക്കുറിച്ച് വിജിലൻസ് വിഭാഗം അന്വേഷണം നടത്തിവരികയാണ്. അത് പൂർത്തിയായാലേ ഇതേക്കുറിച്ച് ഒര ഭിപ്രായം പറയുവാൻ കഴിയുകയുള്ളു.

(ഇ) ഉണ്ട്, പൊതുമരാമത്ത് വകുപ്പിന്റെ 19.08.1997ലെ ജി.ഒ. (പി)84/97/പി.ഡബ്ല്യൂ.ആന്റ് ടി ഉത്തരവ് പ്രകാരം 55 ലക്ഷം രൂപയിൽ അധികം അടങ്കൽത്തുക വരുന്ന പണികൾക്ക് കരാറുകാർ സിമന്റും കമ്പിയും സ്വന്ത മായി വാങ്ങി ഉപയോഗിക്കാൻ ഉത്തരവായിട്ടുണ്ട്.

കേടുവന്ന വാട്ടർ മീറ്റർ മാറ്റി സ്ഥാപിക്കാൻ നടപടി

20 (*639)ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേച നവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വാട്ടർഅതോറിറ്റി ആക്ട് അനുസരിച്ച് കേടു വന്ന വാട്ടർ മീറ്റർ മാറ്റി സ്ഥാപിക്കേണ്ട ചുമതല ആർക്കാണ്;

(ബി) എന്നാൽ ആക്ടിന് വിരുദ്ധമായി കേടുവന്ന മീറ്റർ മാറ്റി സ്ഥാപി ക്കുന്ന ചുമതല ഉപഭോക്താവിന് നല്കിയിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly